പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2168 07.03.2017- ൽ മറുപടിയ്ക്ക്

# നെയ്യാറ്റിൻകര ജനറൽ ആശുപത്രി

| **ചോദ്യം**<br>**ശ്രീ.കെ ആൻസലൻ :** | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |
|---|---|
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ പദ്ധതി പ്രകാരം അനുവദിച്ച ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി 10 യൂണിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തുടർന്നുള്ള പ്രവർത്തനാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാനായിട്ടില്ല. |
| (ബി) ജനറൽ ആശുപത്രിയായി ഉയർത്തിയ ഈ ആശുപത്രി-യിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസിയിൽ നിലവിൽ അത്യാവശ്യ മരുന്നുകൾ പോലുമില്ലാത്ത സാഹചര്യത്തിൽ, അവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ നെയ്യാറ്റിൻകര കാരുണ്യ ഫാർമസിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നുകളെ ആവശ്യക്കാരുടെ എണ്ണം കണക്കിലെടുത്ത്, ഏറ്റവും കൂടുതൽ/മിതമായ രീതിയിൽ/ നേരിയ രീതിയിൽ എന്നിങ്ങനെ മുൻകാലങ്ങളിലെ വില്പനയുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിച്ച്, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ